LIBRARY ARCHIVES Kerala Legislative Assembly

വൃന്ദാവനത്ത് ദൂരപരിധി ലംഘിച്ച് ഷാപ്പു തുടങ്ങിയതിനെക്കുറിച്ച് അന്വേഷണം

105 [2825] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി, താലൂക്കിലെ കൊറ്റനാട് പഞ്ചായത്തിൽപ്പെട്ട വൃന്ദാവനത്ത് ആരാധനാലയങ്ങളുടെ ദൂരപരിധി ലംഘിച്ച് ഷാപ്പു തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ദൂരപരിധി ലംഘിച്ച് അനുമതി നല്കിയ ഷാപ്പിന്റെ അനുവാദം റദ്ദാക്കണമെന്നും ഷാപ്പ് തുടരുന്നത് തടയണമെന്നും ആവശ്യപ്പെട്ട് നാട്ടുകാരുടെ നിവേദനം പത്തനംതിട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് ലഭിക്കുകയുണ്ടായോ;

(സി) ഈ പരാതി അന്വേഷിക്കാൻ എക്സൈസ് ഉദ്യോഗസ്ഥർ വൃന്ദാവനത്ത് പോയത് ഏതു വാഹനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സൈസ് ഉദ്യോഗസ്ഥർ പരാതി അന്വേഷിക്കുന്നതിനായി ഷാപ്പുകാരുടെ വാഹനത്തിൽ വൃന്ദാവനത്ത് എത്തിയതിനെതിരെ നാട്ടുകാർ പരാതിപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത സ്ഥലത്ത് ദൂരപരിധി ലംഘിച്ചുകൊണ്ട് ഷാപ്പ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. പരാമർശിക്കപ്പെട്ട റ്റി.എസ്. നമ്പർ 14-ാം നമ്പർ കള്ളുഷാപ്പ് നിയമാനുസൃതമായിട്ടാണ് പ്രവൃർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) മല്ലപ്പള്ളി റേഞ്ചിലെ കെ.എൽ.01-എസ്.-1280-ാം നമ്പർ സർക്കാർ വാഹനത്തിൽ.

(ഡി) ഇല്ല.

(ഇ) ഉത്തരം 'ഡി'-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മദ്യദുരന്തങ്ങളിൽ മരണപ്പെട്ടവരുടെ കണക്ക്

106 [2826] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ മദ്യദുരന്തങ്ങൾ ഏതെല്ലാം ആണെന്നും ഓരോ ദുരന്തത്തിലും എത്രപേർ വീതം മരണപ്പെട്ടിട്ടുണ്ട് എന്നും വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിലെ കൂപ്പണ എന്ന സ്ഥലത്ത് ഒരു മദ്യദുരന്തമുണ്ടായിട്ടുണ്ട്. പ്രസ്തുത ദുരന്തത്തിൽ ഏഴു പേർ മരണപ്പെടുകയുണ്ടായി.

വ്യാജമദ്യം തടയാൻ നടപടി

107 [2827] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യത്തിന്റെ വിലവർദ്ധന കാരണം വ്യാജമദ്യ വിൽപന വ്യാപകമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യാജമദ്യം തടയാൻ സർക്കാർ മേൽനോട്ടത്തിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില കൂടിയതുകൊണ്ട് വ്യാജമദ്യ വിൽപന കൂടി എന്ന് പറയാൻ കഴിയില്ല. എന്നാൽ വ്യാജമദ്യ വിൽപനകേന്ദ്രങ്ങളിലും സംശയിക്കപ്പെടുന്ന മറ്റു സ്ഥലങ്ങളിലും തുടർച്ചയായ റെയ്ഡുകളും പട്രോളിങ്ങും നടത്തിവരുന്നു. ഉത്സവ കാലങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നു. കൂടാതെ സംസ്ഥാനാതിർത്തികൾ വഴി വ്യാജമദ്യം വരുന്നത് തടയുന്നതിലേക്കായി ബോർഡർ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

(ബി) എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിയുള്ള ജനകീയ കമ്മിറ്റികൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

എക്സൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തൊണ്ടി സാധനങ്ങൾ

108 [2828] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിൽ പിടിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തൊണ്ടി സാധനങ്ങളുടെ മതിപ്പുവില സർക്കാർ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly